(ഇ) ഇവർ രണ്ടുപേരും ഇപ്പോൾ എവിടെയാണ് ജോലി നോക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കുറ്റവാളികളെ കണ്ടെത്താൻ വേണ്ട ഊർജ്ജിത അന്വേഷണം നടത്തിവരുന്നു.

(ബി&സി) ടി സംഭവത്തോടനുബന്ധിച്ച് കായംകുളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 118/99 നമ്പർ കേസ് 9-6-99-ൽ ക്രൈംബ്രാഞ്ചിന് കൈമാറുകയും കൊല്ലം ക്രൈംബ്രാഞ്ചിന്റെ 130/ സി/ആർ/99 ആയി റീ നമ്പർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

(ഡി) ഇല്ല.

(ഇ) കായംകുളം ഡി.വൈ.എസ്.പി. ആലുവ അഡ്മിനിസ്ട്രേഷൻ ഡി.വൈ.എസ്.പി. ആയും കായംകുളം സി.ഐ. ഹരിപ്പാട് സി.ഐ. ആയും ജോലി നോക്കി വരുന്നു.

മെത്രാപോലിത്തായെ തടഞ്ഞുനിറുത്തിയ സംഭവം

77 (77) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ തിരുവാണിയൂർ പഞ്ചായത്തിൽപ്പെട്ട കണ്ണാട്ടുനിരപ്പ് യാക്കോബായ സുറിയാനി പള്ളിയും സ്കൂളുമായി ബന്ധപ്പെട്ട് 1999-ൽ ഒരു ചടങ്ങിനു പോകവേ അങ്കമാലി ഭദ്രാസന മെത്രാപോലിത്തയെ ഏതാനും പേർ ചേർന്ന് തടഞ്ഞു നിറുത്തുകയും ചീത്തവിളിക്കുകയും, അദ്ദേഹം സഞ്ചരിച്ച വാഹനം കേടുവരുത്തുകയും ചെയ്ത സംഭവത്തിൽ കേസെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രതികളുടെ പേരുവിവരം വെളിപ്പെടുത്തുമോ ;

(സി) കേസ് ചാർജ് ചെയ്തുവോ ;

(ഡി) ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് കുറ്റം ചുമത്തിയിട്ടുള്ളത് ;

(ഇ) പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(എഫ്) ഈ കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥയെന്ത് ;

(ജി) കേസ്സിന്റെ അന്വേഷണം സംബന്ധിച്ച് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ ;

(എച്ച്) പരാതിയിലെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(ഐ) അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(ജെ) ഈ കേസ്സിന്റെ അന്വേഷണം നടത്തിയതാരെല്ലാമാണ് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രതികളുടെ പേര് താഴെ കൊടുക്കുന്നു.

1. പാലമടത്തുവീട്ടിൽ ജോസഫ്
2. ചെറുതയ്പിൻ വീട്ടിൽ മാണി
3. വെമ്പിള്ളിമറ്റത്ത് വീട്ടിൽ ബിജു
4. വെമ്പിള്ളിമറ്റത്ത് വീട്ടിൽ ജോണി
5. വെമ്പിള്ളിമറ്റത്ത് വീട്ടിൽ സാജു
6. വെമ്പിള്ളിമറ്റത്ത് വീട്ടിൽ ജോർജ്
7. തേവർകാട്ടിൽ വീട്ടിൽ കുര്യാച്ചൻ
8. ഇടപ്പള്ളി മറ്റത്തു വീട്ടിൽ പൗലോസ്
9. വാരികുടിലിൽ വീട്ടിൽ യാക്കോബ്
10. കുപ്പൽ വീട്ടിൽ തമ്പി
11. തപ്പള്ളിമറ്റത്തിൽ വീട്ടിൽ വർഗ്ഗീസ്
12. അരവണി പരമ്പിൽവീട്ടിൽ ഡെയസ്
13. ഊക്കല്ലിൽ വീട്ടിൽ ജോണി
14. നടുവിലപരയ്ക്കൽ വീട്ടിൽ ജോർജ്
15. പിണാട്ട് വീട്ടിൽ ജോണി
16. കുളങ്ങാടു വീട്ടിൽ വേണു
17. കൊച്ചു കോക്കാട്ടു വീട്ടിൽ അബ്രഹാം
18. മുരിയിക്കൽ വീട്ടിൽ ജോർജ്
19. അറ്റുതൊടിയിൽ വീട്ടിൽ പൗലോസ്
20. മുരിയിക്കൽ വീട്ടിൽ ടോംസ്
21. നടുവിലപറംപിൽ വീട്ടിൽ സാമുവൽ

(സി) 29-11-1999-ൽ കേസ് ചാർജ്ജ് ചെയ്തു.

(ഡി) സെക്ഷൻ 143, 147, 148, 341, 427, 506 (11) ആർ/ഡബ്ല്യു149/ ഐപിസി പ്രകാരം.

(ഇ) 14 പ്രതികളെ അറസ്റ്റുചെയ്തു. 7 പ്രതികൾ കോടതിയിൽനിന്നും ജാമ്യം എടുത്തു.

(എഫ്) കോടതി മുമ്പാകെ ചാർജ്ജ് ഹാജരായിട്ടുണ്ട്. വിസ്താരം തുടങ്ങിയിട്ടില്ല.

(ജി) ഉണ്ട്.

(എച്ച്) മെത്രാപ്പോലിത്തയ്ക്കു നേരെ സാമൂഹ്യവിരുദ്ധർ വധശ്രമം നടത്തിയെന്നും, ആയതിന് ആവശ്യമായ നടപടി എടുക്കുമെന്നും, പുത്തൻകുരിശ് സബ് ഇൻസ്പെക്ടർ പ്രതികളെ രക്ഷിക്കാൻ ശ്രമിക്കുന്നു എന്നുംമറ്റും.

(ഐ) അന്വേഷണത്തിൽ വധശ്രമം നടത്തിയിട്ടില്ലയെന്നും, എന്നാൽ മരണഭയം ഉണ്ടായതായി വെളിവായതിന്റെ അടിസ്ഥാനത്തിൽ പ്രതികൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസ്സിൽ അതിനാസ്പദമായ സെക്ഷൻകൂടി ചേർത്ത് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. എസ്.ഐ.ക്കെതിരെയുള്ള പരാതി വാസ്തവ വിരുദ്ധമാണെന്ന് അറിവായതിനാൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

(ജെ) പുത്തൻകുരിശ് പോലീസ് സബ്ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. ആർ. അനിൽകുമാർ, സുമോമോട്ടോ ആയി കേസ് രജിസ്റ്റർ ചെയ്യുകയും പുത്തൻകുരിശ് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. കെ. ബി. വേണുഗോപാൽ അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്.

ഹരിഹരന്റെ കൊലപാതകം

78 (78) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് നാലാഞ്ചിറയ്ക്ക് സമീപം വച്ച് ബസ് യാത്രക്കാരനായ ഹരിഹരനെ പിടിച്ചിറക്കി കുത്തികൊലപ്പെടുത്തിയ കേസ് അന്വേഷണം ഏതുവരെയായി എന്ന് വെളിപ്പെടുത്താമോ ;

(ബി) കൊലപാതകികളെ തിരിച്ചറിഞ്ഞിട്ടുണ്ടോ ;

(സി) കൊലപാതകം കാരണം കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) കേസന്വേഷണം ഊർജ്ജിതപ്പെടുത്തി പ്രതികളെയെല്ലാം അറസ്റ്റുചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ഇ) കുടുംബനാഥന്റെ അവിചാരിതമരണം അനാഥമാക്കിയ കുടുംബത്തിന് സഹായം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അന്വേഷണം തുടർന്നു വരുന്നു.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഈ കേസിൽ അഞ്ച് പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്. ഒളിവിലായ അഞ്ചാം പ്രതി ഒഴികെ ബാക്കിയുള്ള നാലുപേരെയും അറസ്റ്റുചെയ്തിട്ടുണ്ട്. ഒളിവിലായ പ്രതിയെ പിടിക്കാനുള്ള അന്വേഷണം ഊർജ്ജിതമായി നടത്തി വരുന്നു.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly